ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഒഴിവ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണം) 29-6-2004-ലെ ഇബി3 104-ാം നമ്പർ ഉത്തരവുപ്രകാരം നികത്തിയിട്ടുണ്ട്.

പാറളം, കൂർക്കഞ്ചേരി, വല്ലച്ചിറ, അവിണിശ്ശേരി പി.എച്ച്.സി.-കളിൽ കൂടുതൽ ഡോക്ടർമാരേയും സ്റ്റാഫിനെയും നിയമിക്കാൻ നടപടി

183 [930] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറളം, കൂർക്കഞ്ചേരി, വല്ലച്ചിറ, അവിണിശ്ശേരി പി.എച്ച്.സി.-കളിൽ കൂടുതൽ ഡോക്ടർമാരേയും നഴ്സ് ഉൾപ്പെടെയുള്ള മറ്റ് സ്റ്റാഫിനെയും നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് തൃശ്ശൂർ ഡി.എം.ഒ. നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പി.എച്ച്.സി.-കളിൽ ദിവസേന എത്തുന്ന ഒ.പി. രോഗികളുടെ ശരാശരി എണ്ണം എത്രയാണ്;

(ഇ) ആലമാട് സി.എച്ച്.സി., ചേർപ്പ് സി.എച്ച്.സി., തൃപ്രയാർ ആശുപത്രി എന്നിവിടങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരേയും സ്റ്റാഫിനെയും നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ വിവിധ ആശുപത്രികളോടനുബന്ധിച്ച് നിർമ്മിച്ചിട്ടിരിക്കുന്ന 200-ൽ പരം കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ വല്ലച്ചിറ പ്രാഥമികാരോഗ്യകേന്ദ്രവും ഉൾപ്പെടും. പാറളം പി.എച്ച.സി.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. കൂർക്കഞ്ചേരി, അവിണിശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. വിഭാഗം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിനാൽ അധിക തസ്തികകളുടെ ആവശ്യം ഉള്ളതായി കാണുന്നില്ല.

(സി) 3-10-2001-ൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ കത്തു പ്രകാരം വിവിധ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അധികം വേണ്ടി വരുന്ന തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശമാണ് വെച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എച്ച്.സി., കുർക്കഞ്ചേരി .. 53
പി.എച്ച്.സി., പാറളം .. 75
പി.എച്ച്.സി., അവണിശ്ശേരി .. 25
പി.എച്ച്.സി., വല്ലച്ചിറ .. 60

(ഇ) ഈ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഇല്ല. മറ്റു തസ്തികകളിൽ ചുരുക്കം ചില ഒഴിവുകൾ ഉള്ളത് നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹെൽത്ത് മാന്വൽ പരിഷ്ക്കരണം

184 [941] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹെൽത്ത് മാന്വൽ ഏത് വർഷം തയ്യാറാക്കി അംഗീകരിച്ചതാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കാത്തതുമൂലം പൊതുസ്ഥലങ്ങളും നിരത്തുകളും മലിനമാക്കുന്നവർക്കെതിരെയും ഭക്ഷ്യ വസ്തുക്കളിൽ മാരകമായ വിഷപദാർത്ഥങ്ങൾ കലർത്തുന്നവർക്കെതിരെയും ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഹെൽത്ത് മാന്വൽ കാലാനുസൃതമായ മാറ്റങ്ങളോടെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റും, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റും ആണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

(ബി) നിലവിലുള്ള 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റും, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റും ഏകോപിപ്പിച്ചുകൊണ്ട് കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള 1995-ലെ തിരുകൊച്ചി, 1939-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് 2004-ലെ കേരളാ പൊതുജനാരോഗ്യ നിയമം കരട് ബിൽ തയ്യാറായി വരുന്നു.

(ഡി) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയാണ് കരട് ബിൽ തയ്യാറാക്കുന്നത്.

5-7-2004-ലെ 805, 836, 874, 887, 934, 947, 948 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly